ലോകജനതയെ നടുക്കത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു 2004 ഡിസംബർ 26-ാം തീയതി അരങ്ങേറിയ സുനാമി പ്രതിഭാസം. പലരും മരണത്തെ മുന്നിൽ കണ്ട് അലമുറയിട്ടു , ചിലർ മരണത്തിന്റെ കരാളഹസ്തത്താൽ പിടിക്കപ്പെട്ടു . വീടും മക്കളും സമ്പാദ്യവും എല്ലാം നഷ്ടപ്പെട്ട ജനം അലമുറയിട്ട് കരഞ്ഞു . ഏറ്റവും സഹാനുഭൂതിയോടെ കരുതലോടെ സഹായിക്കേണ്ട സമയത്ത് ദ്രവ്യാഗ്രഹികളായ ചിലർ ചെയ്ത അതിക്രമത്തെപ്പറ്റി ന്യൂ ഇൻഡ്യൻ എക്സ്പ്രസിൽ വന്ന വാർത്ത എന്നെ അതിശയിപ്പിച്ചു. മനുഷ്യാ നീ ഇത്രത്തോളം അധപ്തിക്കുമോ? എന്നറിയാതെ ചോദിച്ചുപോയി. സുനാമിയുടെ തകർന്നടിഞ്ഞഅവശിഷ്ടങ്ങളുടെ ഇടയിൽ നിന്നും നാല് യുവാക്കൾ മോഷണം നടത്തിയ സാധനങ്ങളുമായി ഒരു വണ്ടിയിൽ പോകുകയായിരുന്നു. ശ്രീലങ്കയിലെ ഒരു ഹോട്ടലിൽനിന്നുമാണ് ഇവർ ഇതെല്ലാം കരസ്ഥമാക്കിയത്.സഹായിക്കണ്ട സമയത്ത് മോഷണം നടത്തിയ യുവാക്കൾ പോലീസ് പിടിയിലാകുകയും ചെയ്തു.

ആരാം രാജാവിന്റെ സേനാപതിയായ നയമാൻ കുഷ്ഠരോഗിയായിരുന്നു.നയമാൻ പിടിച്ചുകൊണ്ടുവന്ന അടിമപെൺകുട്ടിയുടെ വാക്കുകളാണ് .നയമാനെ യിസ്രയാലിന്റെ പ്രവാചകന്റെ അടുക്കലെത്തിച്ചത്. ഏഴു പ്രാവശ്യം യോർദ്ദാനിൽ മുങ്ങി സൗഖ്യം പ്രാപിച്ച നയമാൻ കൊണ്ടുവന്ന സമ്മാനങ്ങൾ ,യഹോവയുടെ നാമത്തിൽ പ്രവാചകൻ തിരസ്ക്കരിച്ചു. എന്നാൽ ഈ സംഭവത്തിന് ദൃക്സാക്ഷിയായ ഗേഹസിയെ ധനമോഹം വേട്ടയാടി.പ്രവാചകശിഷ്യനായ ഗേഹസി നയമാന്റെ പിന്നാലെ ചെന്ന് വ്യാജവാക്കുകളാൽ സമ്പാദ്യത്തെ നേടി വീട്ടിൽ സൂക്ഷിച്ചു. നിരപരാധിയെ പോലെ മടങ്ങിവന്ന ഗേഹസിയോട് എല്ലാം മനസ്സിലാക്കിയ പ്രവാചകൻ ചോദിക്കുന്നു.ഇതാണോ ധനം സമ്പാദിക്കുവാനുള്ള സമയം. ചതിയുടെ വാക്കുകളാൽ തെറ്റായ പ്രവർത്തി ചെയ്ത ഗേഹസിക്ക് ശിക്ഷയും ഉടനെ ലഭിച്ചു. അവൻ കുഷ്ഠരോഗിയായി മാറി.കൂടാതെ തലമുറയ്ക്കും അത് ശാപകാരണമായിത്തീർന്നു.

ഇതാണോ ഇതിനുള്ള സമയം ? എന്ന ചോദ്യത്തിൽ വലിയ അർത്ഥം ഉൾക്കൊണ്ടിട്ടുണ്ട്. സഹായം ചെയ്യേണ്ട സമയത്ത് ദ്രോഹം ചെയ്യുന്നത് എത്രയോ മോശമായ കാര്യമാകുന്നുവെന്നറിയുക. കൊടുക്കേണ്ടതിനുപകരം പിടിച്ചുപറിക്കുന്നത് വളരെ നീചമായകാര്യമാണ്.ഇതെല്ലാം മോഷണത്തിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്.നമ്മിൽ കുടികൊള്ളുന്ന ധനമോഹം മറ്റുള്ളവരെ സഹായിക്കേണ്ടതിനുപകരം മറ്റുള്ളരെ ഉപദ്രവിക്കുന്നതായി തീരുമെന്നറിയുക.

പ്രീയസഹോദരങ്ങളേ, ആരേയും ചതിച്ച് ഒന്നും നേടാതെ,മറ്റുള്ളവരെ സഹായിക്കുന്നതും കരുതുന്നവരുമാകുക. അങ്ങനെയായാൽ തലമുറ അനുഗ്രഹിക്കപ്പെടും.



*Sis. Shanthamma Varghese*

**ശാന്തമ്മ വർഗീസ്**